# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3295** **23.06.2014- ലെ മറുപടിക്ക്**

**മിഷൻ 676 ന്റെ ഭാഗമായി സേവനാവകാശ നിയമം കാര്യക്ഷമമാക്കുവാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി.മുഹമ്മദ്:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. കെ. ശിവദാസൻ നായർ: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ഉണ്ട്. സേവനാവകാശ നിയമം കൂടുതൽ കാര്യക്ഷമമായി സർക്കാരിന്റെ എല്ലാ വകുപ്പുകളിലും തലങ്ങളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. സർക്കാർ വകുപ്പുകൾ, ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും. |
| (സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല. എന്നാൽ, സർക്കാർ വകുപ്പുകൾ എന്തെല്ലാം സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ജനങ്ങൾക്ക് ലഭ്യമാക്കുമെന്നത് സംബന്ധിച്ച രേഖകൾ പല വകുപ്പുകളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.